## നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് നടപടികൾ

**(ഹാജർ: ആർ. ഗിരിജ ഐ.എ.എസ്)**

നഗരകാര്യ വകുപ്പ്–കേരള മുനിസിപ്പൽ കോമൺ സർവ്വീസ്– സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.സെന്തിൽകുമാർ മുതൽ പേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇ.കെ.എം)338/2018ൻമേലുള്ള 08.02.2018 ലെ വിധി ന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇ3–7596/18 തിരുവനന്തപുരം , തീയതി : 10.8.2018

പരാമർശം : 1. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ(ഇ.കെ.എം)338/2018ൻമേലുള്ള 08.02.2018 ലെ ഉത്തരവ്
2. സർക്കാരിന്റെ 19.10.2007 ലെ ജി.ഒ(പി)515/07/ഫിൻ നമ്പർ ഉത്തരവ്

## ഉത്തരവ്

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.സെന്തിൽ കുമാർ മുതൽ 12 പേരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവാകാതിരുന്നതിനാൽ യഥാസമയം ക്ലർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിച്ചില്ലായെന്നും ടി ജീവനക്കാരുടെ ജൂനിയർമാരായ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം ലഭിച്ചതിന് ശേഷമാണ് ടി ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം ലഭിച്ചതെന്നും ആയതിനാൽ ടിയാൻമാരുടെ ജൂനിയറായ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം ലഭിച്ച തീയതി പ്രാബല്യത്തിൽ ടിയാളുകൾക്കും മുൻകാല പ്രാബല്യത്തോടെ ഉദ്യോഗക്കയറ്റം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഒ.എ(ഇ.കെ.എം)338/18–ാം നമ്പരായി കേസ് ഫയൽ ചെയ്യുകയുണ്ടായി. ടി കേസിൻമേൽ 08.02.2018 ൽ പുറപ്പെടുവിച്ച വിധിന്യായ പ്രകാരം ശ്രീ.സെന്തിൽകുമാർ മുതൽ പേരുടെ അപേക്ഷ പരിശോധിച്ച് ഒരു മാസത്തിനകം ടി അപേക്ഷകളിൻമേൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

01.11.2013 അടിസ്ഥാനമാക്കിയുള്ള ഗ്രഡേഷൻ ലിസ്റ്റിൽ ക്രമനം.286 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ.രഘുനാഥൻപിള്ള ആർ 04.11.2005 ൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ ആയി കൊല്ലം നഗരസഭയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതും നഗരകാര്യ ഡയറക്ടറുടെ 21.06.2008 ലെ ഇ3–7272/08 നമ്പർ ഉത്തരവ് പ്രകാരം 04.11.2007 പൂർവ്വാഹ്നം തീയതി പ്രാബല്യത്തിൽ ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുള്ളതുമാണ്. ടിയാൻ 14.08.2008 മുതൽ ശൂന്യവേതനാവധിയിൽ

പ്രവേശിക്കുകയും 10.06.2016 ൽ ശൂന്യവേതനാവധി അവസാനിപ്പിച്ച് ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. ടിയാന് 11.04.2017 ലെ ഇ3–2439/17 നമ്പർ ഉത്തരവ് പ്രകാരമാണ് ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളത്. ടിയാനെക്കാൾ ജൂനിയറായ നിരവധിപേർക്ക് 04.08.2016 ലെ ഉത്തരവിൽ ഉൾപ്പെട്ട് സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം നൽകിയിട്ടുള്ളതാണ്.

01.11.2013 അടിസ്ഥാനമാക്കിയുള്ള എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർമാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ ക്രമനം.940 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.സിന്ധു എസ് 07/2015 ന് ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ എല്ലാം പാസായിട്ടുള്ളതും നഗരകാര്യ ഡയറക്ടറുടെ 30.09.2016 ലെ ഇ7–18336/16 നമ്പർ ഉത്തരവ് പ്രകാരം 30.07.2013 തീയതി പ്രാബല്യത്തിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവായിട്ടുള്ളതുമാണ്. ടിയാരിക്ക് 11.04.2017 ലെ ഇ3–2439/2017 നമ്പർ ഉത്തരവ് പ്രകാരമാണ് സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളത്. എന്നാൽ ടിയാരിയെക്കാൾ ജൂനിയറായ ജീവനക്കാർക്ക് 04.08.2016 ലെ ഇ3–75/14 നമ്പർ ഉത്തരവ് പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളതാണ്.

01.11.2013 അടിസ്ഥാനമാക്കിയുള്ള എൽ.ഡി.ക്ലർക്ക്/ബിൽകളക്ടർമാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ ക്രമനം.979 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.ജീനാകുമാരി എ 07/11 ന് ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയിട്ടുള്ളതും നഗരകാര്യ ഡയറക്ടറുടെ 16.08.2016 ലെ ഇ7–7155/2016 നമ്പർ ഉത്തരവ് പ്രകാരം 01.08.2012 പ്രാബല്യത്തിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവായിട്ടുള്ളതാണ്. ടിയാരിക്ക് 11.04.2017 ലെ ഉത്തരവിൽ ഉൾപ്പെട്ടാണ് സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളത്. ടിയാരിയെക്കാൾ ജൂനിയറായ ജീവനക്കാർക്ക് 4.8.2016 ലെ ഉദ്യോഗക്കയറ്റ ഉത്തരവിൽ ഉൾപ്പെട്ട് സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളതാണ്.

01.11.2013 അടിസ്ഥാനമാക്കിയുള്ള എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർമാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ ക്രമനം.987 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ.സെന്തിൽകുമാർ 07/2015 ന് ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ എല്ലാം പാസായിട്ടുള്ളതും നഗരകാര്യ ഡയറക്ടറുടെ 15.10.2016 ലെ ഇ7–18881/16 നമ്പർ ഉത്തരവ് പ്രകാരം 10.09.2012 തീയതി പ്രാബല്യത്തിൽ ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവായിട്ടുള്ളതാണ്. ടിയാന് 11.04.2017 ലെ ഉദ്യോഗക്കയറ്റ ഉത്തരവിൽ ഉൾപ്പെട്ടാണ് ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളത്. എന്നാൽ

ടിയാന്റെ ജൂനിയറായ ജീവനക്കാർക്ക് 04.08.2016 ലെ ഉദ്യോഗക്കയറ്റ ഉത്തരവിൽ ഉൾപ്പെട്ട് സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളതാണ്.

01.11.2013 അടിസ്ഥാനമാക്കിയുള്ള എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർമാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ ക്രമനം.989 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ.സുനിൽ ചെറിയാൻ 01/2013 ന് ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യതകൾ നേടിയിട്ടുള്ളതും നഗരകാര്യ ഡയറക്ടറുടെ 17.10.2016 ലെ ഇ3-3898/15 നമ്പർ ഉത്തരവ് പ്രകാരം 08.02.2012 തീയതി പ്രാബല്യത്തിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുള്ളതുമാണ്. ടിയാന് നഗരകാര്യ ഡയറക്ടറുടെ 11.04.2017 ലെ ഉദ്യോഗക്കയറ്റ ഉത്തരവിൽ ഉൾപ്പെട്ടാണ് സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളത്. ടിയാനെക്കാൾ ജൂനിയറായ ജീവനക്കാർക്ക് 04.08.2016 ലെ ഉദ്യോഗക്കയറ്റ ഉത്തരവിൽ ഉൾപ്പെട്ട് സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളതാണ്.

01.11.2013 അടിസ്ഥാനമാക്കിയുള്ള എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർമാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ ക്രമനം.1024 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ.ഷെറീജ് എസ് 07/2015 ന് ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ എല്ലാം പാസായിട്ടുള്ളതും ടിയാന്റെ പ്രൊബേഷൻ നഗരകാര്യ ഡയറക്ടറുടെ 04.07.2017 ലെ ഇ7-15743/16 നമ്പർ ഉത്തരവ് പ്രകാരം 01.02.2014 പൂർവ്വാഹ്നം തീയതി തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ളതായി ഉത്തരവായിട്ടുള്ളതാണ്. ടിയാന് 05.10.2017 ലെ ഇ3-2439/2017(3)-ാം നമ്പർ ഉത്തരവ് പ്രകാരമാണ് സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളത്. എന്നാൽ ടിയാനെക്കാൾ ജൂനിയറായ ജീവനക്കാർക്ക് 04.08.2016 ലെ ഇ3-75/14 നമ്പർ ഉത്തരവ് പ്രകാരം സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളതാണ്.

01.11.2013 അടിസ്ഥാനമാക്കിയുള്ള സീനിയർ ക്ലർക്കുമാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ ക്രമനം.1106 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.അജിത പി.എൻ 01/2014 ന് ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യതകൾ നേടിയിട്ടുള്ളതും നഗരകാര്യ ഡയറക്ടറുടെ 30.06.2016 ലെ ഇ7-20523/2016 നമ്പർ ഉത്തരവ് നടപടികൾ പ്രകാരം 07.07.2013 തീയതി പ്രാബല്യത്തിൽ പ്രൊബേഷൻ ഡിക്ലർ ചെയ്തിട്ടുള്ളതുമാണ്. ടിയാരിക്ക് നഗരകാര്യ ഡയറക്ടറുടെ 11.04.2017 ലെ ഉദ്യോഗക്കയറ്റ ഉത്തരവിൽ ഉൾപ്പെട്ടാണ് സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളത്.

ടിയാരിയെക്കാൾ ജൂനിയറായ ജീവനക്കാർക്ക് 04.08.2016 ലെ ഉദ്യോഗക്കയറ്റ ഉത്തരവിൽ ഉൾപ്പെട്ട് സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളതാണ്.

01.11.2013 അടിസ്ഥാനമാക്കിയുള്ള എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർമാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ ക്രമനം. 1136 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ.രാജേഷ് എസ്.എസ് 01/15 ന് ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യതകൾ നേടിയിട്ടുള്ളതും നഗരകാര്യ ഡയറക്ടറുടെ 26.4.2017 ലെ ഇ7-23612/16 നമ്പർ ഉത്തരവ് പ്രകാരം 17.09.2013 തീയതി പ്രാബല്യത്തിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവായിട്ടുള്ളതുമാണ്. ടിയന് 05.10.2017 ലെ ഉത്തരവിൽ ഉൾപ്പെട്ടാണ് സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളത്. ടിയാനെക്കാൾ ജൂനിയറായ ജീവനക്കാർക്ക് 04.08.2016 ലെ ഉദ്യോഗക്കയറ്റ ഉത്തരവിൽ ഉൾപ്പെട്ട് സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളതാണ്.

01.11.2013 അടിസ്ഥാനമാക്കിയുള്ള എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർമാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ ക്രമനം.1523 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.അനിതകുമാരി പി.ആർ 01/2010 ന് ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ എല്ലാം പാസായിട്ടുള്ളതും നഗരകാര്യ ഡയറക്ടറുടെ 14.08.2017 ലെ ഇ7-7155/2016 നമ്പർ ഉത്തരവ് പ്രകാരം 05.02.2015 പ്രാബല്യത്തിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവായിട്ടുള്ളതുമാണ്. ടിയാരിക്ക് 05.10.2017 ലെ ഉത്തരവിൽ ഉൾപ്പെട്ടാണ് സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളത് . എന്നാൽ ടിയാരിയുടെ ജൂനിയറായ ജീവനക്കാർക്ക് 11.04.2017 ലെ ഉത്തരവിൽ ഉൾപ്പെട്ട് സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളതാണ്.

01.11.2013 അടിസ്ഥാനമാക്കിയുള്ള സീനിയർ ക്ലർക്കുമാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ ക്രമനം.1532 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.ജിസ്സ മേരി ഡൊമനിക് 01/2015 ന് ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ എല്ലാം പാസായിട്ടുള്ളതും നഗരകാര്യ ഡയറക്ടറുടെ 30.08.2017 ലെ ഇ7-20211/16 നമ്പർ ഉത്തരവ് പ്രകാരം 12.02.2015 തീയതി പ്രാബല്യത്തിൽ ടിയാരിയുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവായിട്ടുള്ളതുമാണ്. ടിയാരിക്ക് O5/10/17 ലെ ഇ3-2439/17 നമ്പർ ഉത്തരവ് പ്രകാരം സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളതാണ്. എന്നാൽ ടിയാരിയുടെ ജൂനിയർമാരായ ജീവനക്കാർക്ക് 11.04.2017 ലെ ഉത്തരവിൽ ഉൾപ്പെട്ട് സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളതാണ്.

01.11.2013 അടിസ്ഥാനമാക്കിയുള്ള എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർമാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ ക്രമനം.1586 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.സീമ എസ്.വി

07/2007 ന് ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ എല്ലാം പാസായിട്ടുള്ളതും നഗരകാര്യ ഡയറക്ടറുടെ 05.05.2017 ലെ ഇ7-9962/17 നമ്പർ ഉത്തരവ് പ്രകാരം 04.04.2015 പ്രാബല്യത്തിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവായിട്ടുള്ളതുമാണ്. ടിയാരിക്ക് 5.10.2017 ലെ ഉദ്യോഗക്കയറ്റ ഉത്തരവിൽ ഉൾപ്പെട്ടാണ് സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളത്. ടിയാരിയുടെ ജൂനിയറായ ജീവനക്കാർക്ക് 11.04.2017 ലെ ഉത്തരവിൽ ഉൾപ്പെട്ട് സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളതാണ്.

01.11.2013 അടിസ്ഥാനമാക്കിയുള്ള എൽ.ഡി.ക്ലർക്ക്/ബിൽകളക്ടർമാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ ക്രമനം.1630 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.ധന്യ എസ് 07/16 ന് ഡിപ്പാർട്ട്മെന്റ് യോഗ്യതകൾ നേടിയിട്ടുള്ളതും നഗരകാര്യ ഡയറക്ടറുടെ 17.08.2017 ലെ ഇ7-23612/16 നമ്പർ ഉത്തരവ് പ്രകാരം 02.11.2015 തീയതി പ്രാബല്യത്തിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവായിട്ടുള്ളതുമാണ്. ടിയാരിക്ക് 05.10.2017 ലെ ഉത്തരവിൽ ഉൾപ്പെട്ടാണ് സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളത്. എന്നാൽ ടിയാരിയുടെ ജൂനിയറായ ജീവനക്കാർക്ക് 11.04.2017 ലെ ഉത്തരവിൽ ഉൾപ്പെട്ട് സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളതാണ്.

ശ്രീ.സെന്തിൽകുമാർ മുതൽ പേരുടെ Annexure A17 മുതൽ A28 വരെയുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ടി ജീവനക്കാർ ഉദ്യോഗക്കയറ്റത്തിന് ആവശ്യമായ ടെസ്റ്റ് യോഗ്യതകൾ യഥാസമയം നേടിയിരുന്നു എങ്കിലും ടി ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവാകാത്തതിനാലാണ് യഥാസമയം ഉദ്യോഗക്കയറ്റം ലഭിക്കാതിരുന്നത്. ടി ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തതിന് ശേഷം ഉദ്യോഗക്കയറ്റം അനുവദിച്ചതിനാൽ ടി ജീവനക്കാരുടെ ജൂനിയറായ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം ലഭിച്ചതിനു ശേഷമാണ് ടിയാളുകൾക്ക് ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.സെന്തിൽകുമാർ മുതൽ 12 ജീവനക്കാരുടെ സീനിയർ ക്ലർക്ക് തസ്തികയിലെ സീനിയോരിറ്റി ചുവടെ പറയും പ്രകാരം പുനഃക്രമീകരിച്ചും ടി ജീവനക്കാരുടെ സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിന് മേൽ രണ്ടാം പരാമർശിത ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി മുൻകാല പ്രാബല്യം അനുവദിച്ചും ഉത്തരവാകുന്നു.

| ക്രമനം | പേര്, തസ്തിക | ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയ തീയതി | ഉദ്യോഗക്കയറ്റം ലഭിച്ച തീയതി | എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിലെ ഗ്രഡേഷൻ ലിസ്റ്റ് ക്രമനമ്പർ | സീനിയോരിറ്റി പുനഃക്രമീകരിച്ച ഉത്തരവും സ്ഥാനക്രമവും |
|---|---|---|---|---|---|
| 1. | രഘുനാഥൻ പിള്ള ആർ | ജൂൺ 2006 | 11.04.2017 | 286 | നഗരകാര്യ ഡയറക്ടറുടെ 04.08.2016 ലെ ഇ3–75/14 നമ്പർ ഉത്തരവിൽ ക്രമനം.3 ശ്രീമതി.ഗീത വി യ്ക്കും ക്രമനം.4 ശ്രീ.മനു.വി.ആർ നും ഇടയിൽ |
| 2. | സിന്ധു എസ് | ജൂൺ 2015 | 11.04.2017 | 940 | നഗരകാര്യ ഡയറക്ടറുടെ 04.08.2016 ലെ ഇ3–75/14 നമ്പർ ഉത്തരവിൽ ക്രമനം.9 ശ്രീമതി.ബി.രമണിയ്ക്കും ക്രമനം.10 ശ്രീ.ഷീബമോൾ റ്റി യ്ക്കും ഇടയിൽ |
| 3. | ജീനകുമാരി എ | ജൂൺ 2011 | 11.04.2017 | 979 | നഗരകാര്യ ഡയറക്ടറുടെ 04.08.2016 ലെ ഇ3–75/14 നമ്പർ ഉത്തരവിൽ ക്രമനം.22 ശ്രീ.സുനിൽകുമാർ ഇ.വി യ്ക്കും ക്രമനം.23 ശ്രീമതി.മായാ റാണിയ്ക്കും ഇടയിൽ |
| 4. | സെന്തിൽകുമാർ | ജൂൺ 2015 | 11.04.2017 | 987 | നഗരകാര്യ ഡയറക്ടറുടെ 04.08.2016 ലെ ഇ3–75/14 നമ്പർ ഉത്തരവിൽ ക്രമനം.23 ശ്രീമതി.മായാറാണിയ്ക്കും ക്രമനം.24 ശ്രീമതി.സബീന പി.എം നും ഇടയിൽ |
| 5. | സുനിൽ ചെറിയാൻ | ജനുവരി 2013 | 11.04.2017 | 989 | നഗരകാര്യ ഡയറക്ടറുടെ 04.08.2016 ലെ ഇ3–75/14 നമ്പർ ഉത്തരവിൽ ക്രമനം.24 ശ്രീമതി.സബീന പി.എം നും ക്രമനം.25 ശ്രീ.വിനിഷ്കുമാർ സിയ്ക്കും ഇടയിൽ |
| 6. | ഷെറീജ് എസ് | ജൂൺ 2015 | 05.10.2017 | 1024 | നഗരകാര്യ ഡയറക്ടറുടെ 04.08.2016 ലെ ഇ3–75/14 നമ്പർ ഉത്തരവിൽ ക്രമനം.32 ശ്രീ.ദിപിൻരാജിനും ക്രമനം.33 ശ്രീമതി.സൗമ്യ കെ.എസ് നും ഇടയിൽ |
| 7. | അജിത പി.എൻ | ജനുവരി 2014 | 11.04.2017 | 1106 | നഗരകാര്യ ഡയറക്ടറുടെ 04.08.2016 ലെ ഇ3–75/14 നമ്പർ ഉത്തരവിൽ ക്രമനം.54 ശ്രീമതി.രസ്ന പി.ആർ നും ക്രമനം.55 ശ്രീ.ജോഷി എ.ബി യ്ക്കും ഇടയിൽ |

| ക്രമനം | പേര്, തസ്തിക | ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയ തീയതി | ഉദ്യോഗക്കയറ്റം ലഭിച്ച തീയതി | എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിലെ ഗ്രഡേഷൻ ലിസ്റ്റ് ക്രമനമ്പർ | സീനിയോരിറ്റി പുനഃക്രമീകരിച്ച ഉത്തരവും സ്ഥാനക്രമവും |
|---|---|---|---|---|---|
| 8. | രാജേഷ് എസ്.എസ് | ജനുവരി 2015 | 05.10.2017 | 1136 | നഗരകാര്യ ഡയറക്ടറുടെ 04.08.2016 ലെ ഇ3–75/14 നമ്പർ ഉത്തരവിൽ ക്രമനം.57 ശ്രീ.ശ്യാംലാൽ ഡി യുടെയും ക്രമനം.58 ശ്രീമതി.സിസ്ലു.സി.വിജയനും ഇടയിൽ |
| 9. | അനിതകുമാരി പി.ആർ | ജനുവരി 2010 | 05.10.2017 | 1523 | നഗരകാര്യ ഡയറക്ടറുടെ 11.4.2017 ലെ ഇ3–2439/17 നമ്പർ ഉത്തരവിൽ ക്രമനം.182 ശ്രീമതി.ജ്യോതിയുടെയും ക്രമനം.183 ശ്രീമതി.രാധികദേവി വി.എൻ നും ഇടയിൽ |
| 10. | ജിസ്സ മേരി ഡൊമനിക് | ജനുവരി 2015 | 05.10.2017 | 1532 | നഗരകാര്യ ഡയറക്ടറുടെ 11.4.2017 ലെ ഇ3–2439/17 നമ്പർ ഉത്തരവിൽ ക്രമനം.183 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.രാധികാദേവിയുടെയും ശ്രീമതി.അനിതകുമാരി പി.ആർ നും ഇടയിലായി |
| 11. | സീമ എസ്.വി | ജൂലൈ 2007 | 05.10.2017 | 1586 | നഗരകാര്യ ഡയറക്ടറുടെ 11.4.2017 ലെ ഇ3–2439/17 നമ്പർ ഉത്തരവിൽ ക്രമനം.189 ശ്രീമതി.ശ്രീകുമാരി ആർ നും ക്രമനം.190 ശ്രീമതി.ശ്രീകല വി.യു വിനും ഇടയിൽ |
| 12. | ധന്യ എസ് | ജൂലൈ 2016 | 05.10.2017 | 1630 | നഗരകാര്യ ഡയറക്ടറുടെ 11.4.2017 ലെ ഇ3–2439/17 നമ്പർ ഉത്തരവിൽ ക്രമനം.196 ശ്രീമതി.രമ്യ എ യുടെയും ക്രമനം.197 ശ്രീമതി.സ്മിത.ജി.കൃഷ്ണനും ഇടയിൽ |

മേൽ പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(E)338/2018ൻമേലുള്ള 08.02.2018 ലെ വിധി ന്യായം നടപ്പിലാക്കി ഇതിനാൽ ഉത്തരവാകുന്നു.

**(ഒപ്പ്)**
**നഗരകാര്യ ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്
ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാർക്ക്
പകർപ്പ് : ഇ3, സൂപ്രണ്ട്, കരുതൽ ഫയൽ

ആജ്ഞാനുസരണം/അയയ്ക്കുന്നത്



സൂപ്രണ്ട്

വി.എസ്.ആർ